Mr: P. Achutha Menon *(Kattur):* Why this delay of 2 months for investigation ?

Rao Sahib M. M. Paul *(Director of Food Supplies):* One enquiry was made and a report submitted. But as it was not possible to identify the people concerned a re-enquiry was ordered, and the matter is again under investigation.

Mr. P. K. Dewer *(Nominated):* Is the investigation conducted by the Food Department or the Police Department ?

Rao Sahib M. M. Paul (*Director of Food Supplies*): Both by the Assistant Supply Officer and the Police.

CLASS DIVISIONS—GOVERNMENT HIGH SCHOOLS

297. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്ന സദയം മറുപടി പറയുമോ.—

(എ) സ്റ്റെയിറ്റിലെ ഗവണ്മെണ്ട ഹൈസ്കൂളുകളിൽ ആകെ വ, ൻ, ഫ ഠ എന്നീ ക്ലാസ്സുകൾ (Including divisions) എത്ര ഉണ്ട് ;

(ബി) ങ, ന, ഩ എന്നീ ക്ലാസ്സുകൾ (Including divisions) എത്ര ഉണ്ട് ;

(സി) "എ"യിൽ ഓരോ ഇനത്തിലും (Upper Secondary)-യിൽ എത്ര പോസ്റ്റ് ഉണ്ട് ;

(ഡി) "ബി"യിൽ ഓരോ ഇനത്തിലും (Lower Secondary)-യിൽ എത്ര പോസ്റ്റ് ഉണ്ട് ;

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ :

(എ) വ—ന ഩ.
ൻ—ങ ന.
ഫ ഠ—ങ ഠ.

(ബി) ങ—ൻ ര.
ന—വ ഠ.
ഩ—ഩ ഩ.

(സി) വ—ങ ര Uന.
ൻ—ര ഛ Uഛ.
ഫ ഠ—ര ഠ Uഫ.

(ഡി) ങ—ഫ വ ൻ Lന.
ന— ഩ ഫ Lഛ.
ഩ— ന ര Lഫ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: വ, ൻ, ഫ ഠ ഈ ക്ലാസ്സുകൾ ന ഩ, ങ ന, ങ ഠ ഇത്രയും ഉള്ളപ്പോൾ ങ ര, ര ഛ, ര ഠ ഇത്രയും പോസ്റ്റുകളെ ഉള്ളു. അപ്പോൾ ഇനിയും കൂടുതൽ പോസ്റ്റുകൾ ആവശ്യമില്ലെ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ആവശ്യമുണ്ട്. ഓരോ ക്ലാസ്സിനും അനുരൂപമായ ഗ്രേഡുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നകാര്യം ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കുന്നുണ്ട്.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഉയർന്ന ക്ലാസ്സുകൾക്കും എല്ലാം ഒരേ ഗ്രേഡ്തന്നെയല്ലെ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇപ്പോൾ രണ്ട ഗ്രേഡേയുള്ളു. അതു രണ്ടിലുംകൂടിയാണ് അനുരൂപമായ ഗ്രേഡ് എന്നുപറഞ്ഞതു്.

ANCHAL DEPARTMENT—PAY OF SUBORDINATES

298. ചൌധരി ജി. എസ്സ്. ധാരാസിംഗ് : ബഹുമാനപ്പെട്ട ഗവണ്മെണ്ട താഴെ പറയുന്ന ചോദ്യങ്ങൾക്ക ദയവായി മറുപടി പറയുമൊ.—

(എ) അഞ്ചൽ ഡിപ്പാർട്ട്മെണ്ടിലെ കീഴ്ജീവനക്കാർ തങ്ങളുടെ ആവശ്യങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള വല്ല മെമ്മോറാണ്ടമൊ, അപേക്ഷകളൊ ഗവണ്മെണ്ടിനു സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നു് ;

(ബി) ഗവണ്മെണ്ട് അതിനെസംബന്ധിച്ച് എന്തു നടപടികൾ എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) ഉണ്ട്.

ഫെബ്രുവരി ഏപ്രിൽ മാസം ജൂൺ മാസം ഇടക്കു പലേ തിയ്യതികളിലുമായിട്ടാണ് സമർപ്പിച്ചിരിക്കുന്നത്.

(ബി) ഗവൺമെണ്ടു് അതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഗവൺമെണ്ടിന്റെ ആലോചന ഏതുവരെ എത്തി എന്നു പറയുവാൻ മയമുണ്ടാകുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഡിപ്പാർട്ട്മെണ്ടിൽനിന്നു് സിക്രട്ടറിയേറ്റിലേക്കു് റിപ്പോർട്ട് കിട്ടിട്ടുണ്ട്. ഇനി അതിന്മേൽ സിക്രട്ടറിയേറ്റിൽനിന്നു് വേണ്ടനടപടിയെടുക്കണം.

മിസ്റ്റർ പി. കെ. ഡീവർ: എന്താണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു രണ്ടാമത്തെ ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അവർ യൂണിയനായി സംഘടിക്കുവാൻ ചീഫ് സിക്രട്ടറി സമ്മതിക്കുകയില്ലെന്നു പറയുകയുണ്ടായിട്ടുണ്ടോ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* I do not remember that question came up before me for consideration.

മിസ്റ്റർ പി. കെ. ഡീവർ: മേമ്പർ അഡൈസറി കമ്മിറ്റിയിൽ ഈ സംഗതി ആലോചനക്കു വന്നതായി അറിയാമോ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* I think the Hon'ble Member probably refers to the Press people.

Mr. P. K. Dewer *(Nominated):* Not only Press; both Press and Anchal.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അഞ്ചൽ ശിപായിമാരുടെ നിവേദനം ചീഫ് സിക്രട്ടറിയുടെ അടുത്തു വല്ലപ്പോഴും വന്നിട്ടുണ്ടോ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* I do not remember that.

ANCHAL DEPARTMENT—EMPLOYEES

299. **Mr. V. R. Krishnan Ezhuthassan** *(Oorakam):* Will Government be pleased to state.—

(*a*) whether they have received petitions from Employees of the Anchal Department requesting Government for permission to organise themselves on trade union lines;

(*b*) have Government given them any reply; if so, to what effect?

Mr. B. V. K. Menon *(Secretary to Government):*

(*a*) Yes.

(*b*) It is under the consideration of Government.

മിസ്റ്റർ പി. മാണി: എന്താണു് അപേക്ഷയിൽ കാണിച്ചിട്ടുള്ളതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതിൽ ഇതുതന്നെയല്ല, പല റിക്വസ്റ്റും ഉണ്ട്.

മിസ്റ്റർ പി. മാണി: ഇതുയും കാലമായി അതു ആലോചനയിൽ ഇരിക്കുന്നേയുള്ളോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതെ.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബ്രിട്ടീഷിൽ പോസ്റ്റൽ ശിപായികൾക്കു സംഘടിക്കാമെന്നുണ്ടെങ്കിൽ എന്തുകൊണ്ടു് ഇവിടെ അഞ്ചൽ ശിപായിമാർക്കു സംഘടിക്കുവാൻ പാടില്ല?

മിസ്റ്റർ ബി. വി. കെ മേനോൻ: സംഘടിക്കുവാൻ പാടില്ലെന്നു് തീച്ചയാക്കീട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതു ഇപ്പോഴും ആലോചനയിൽ ഇരിക്കയാണോ; അതിനു് ഉടനെ സമ്മതം കൊടുത്താൽ പോരെ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സർക്കാർകാര്യം അത്രവേഗത്തിൽ ആകയില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അഞ്ചൽ ശിപായിമാരുടെ കാര്യവും സർക്കാർ കാര്യമാണോ?

LIBRARY ARCHIVES Kerala Legislative Assembly